# പതിനഞ്ചാം കേരള നിയമസഭ

# നാലാം സമ്മേളനം

2022 മാർച്ച് 14, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി**

**വിനോദസഞ്ചാര മേഖലയിലെ പുതിയ പദ്ധതികൾ**

*91 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ആഭ്യന്തര, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) വിനോദസഞ്ചാരികൾക്ക് കേരളത്തിലെ പ്രധാന കാഴ്ചകൾ പരിചയപ്പെടുത്തുന്നതിനായി പ്രചരണ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും എന്തെല്ലാം പ്രചരണ പരിപാടികളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

**ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം**

*92 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്ത് വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാണോ; എങ്കിൽ

വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെന്ന വ്യാജേന കൊടും കുറ്റവാളികൾ വ്യാജ തിരിച്ചറിയൽ കാർഡുമായി സംസ്ഥാനത്ത് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും മറ്റുമായി തൊഴിൽ വകുപ്പ് പ്രഖ്യാപിച്ച അതിഥി ആപ്പ് സജ്ജമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ആവാസ് പദ്ധതിയുടെ വിവര ശേഖരണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി

*93 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികളുടെ ഏകോപനത്തിനും സമയബന്ധിതമായ അവലോകനത്തിനുമായി പുതിയതായി രൂപീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിന്റെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കുമോ;

(ബി) സ്റ്റേറ്റ് ഹൈവേയുടെ അധീനതയിൽ ഉണ്ടായിരുന്ന ഭൂരിഭാഗം റോഡുകളും ദേശീയപാതാ അതോറിറ്റി ഏറ്റെടുത്തതിനെ തുടർന്ന് ദേശീയപാത വിഭാഗത്തിൽ ജോലിഭാരം തീരെ കുറവായ സാഹചര്യത്തിൽ പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പൊതുമരാമത്ത് വകുപ്പിൽ പുനർവിന്യസിപ്പിച്ച് വകുപ്പിനെ കൂടുതൽ കാര്യക്ഷമവും പ്രവർത്തന സജ്ജവുമാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ഡിജിറ്റൽ റീസർവ്വെ

*94 **ശ്രീ ഒ . ആർ. കേളു**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ ഡിജിറ്റൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതികളിലൊന്നായ ഡിജിറ്റൽ റീസർവ്വെ യാഥാർത്ഥ്യമാക്കുന്നതിനായി സർവ്വെ ഓഫ് ഇന്ത്യയുടെ സഹകരണം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകുന്നതിലൂടെ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ മേഖലകളിൽ ഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**<u>എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിലെ പരീക്ഷകൾക്കായുള്ള ഫോക്കസ് ഏരിയ</u>**

*95 **ഡോ. മാത്യൂ കുഴൽനാടൻ**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിലെ പരീക്ഷകളിലെ ചോദ്യങ്ങൾ എഴുപത് ശതമാനം മാത്രം ഫോക്കസ് ഏരിയയിൽ നിന്നും ബാക്കി മുപ്പത് ശതമാനം ചോദ്യം നോൺ ഫോക്കസ് ഏരിയയിൽ നിന്നും ആക്കാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഫോക്കസ് ഏരിയ കുറഞ്ഞിട്ടുണ്ടോ എന്നും നോൺ ഫോക്കസ് ഏരിയയിലെ ചോദ്യങ്ങൾക്ക് ചോയ്സ് കുറച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ അദ്ധ്യയന വർഷത്തിന് സമാനമായി ക്ലാസുകൾ ഓൺലൈൻ ആയി തുടരുന്ന പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിലെ പരീക്ഷകളിലെ ചോദ്യങ്ങളുടെ ഘടനയിൽ മാത്രം മാറ്റം വരുത്തുന്നതിന്റെ കാരണം വിശദമാക്കാമോ?

**<u>നോളജ് ഇക്കോണമി മിഷൻ</u>**

*96 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷൻ രൂപീകരിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ ഊന്നൽ നൽകുന്ന സർക്കാരിന്റെ നയത്തിനനുസൃതമാകുന്ന വിധം പുതിയ അറിവ് നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാന കാഴ്ചപ്പാടുകൾ വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി ഒൻപത് ലക്ഷത്തോളം ഒഴിവുകൾ കേന്ദ്ര സർവ്വീസിൽ നികത്താതിരിക്കുകയും പൊതുമേഖല സ്വകാര്യവൽകരിക്കുകയും ചെയ്യുന്നത് അഭ്യസ്തവിദ്യരുടെ തൊഴിൽ മോഹങ്ങൾക്ക് ആഘാതമേല്പിച്ചിരിക്കുന്നതിനാൽ സാർവ്വ ദേശീയ തൊഴിൽ കമ്പോളത്തിലെ അവസരങ്ങൾ പ്രാപ്യമാകും വിധം തൊഴിലിടങ്ങൾക്ക് അനുയോജ്യമായ സോഫ്റ്റ് സ്കിൽസും തൊഴിൽ നൈപുണ്യശേഷിയും വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വ്യക്തി സവിശേഷതക്കനുരൂപമായി വിദ്യാഭ്യാസവും നൈപുണ്യ ശേഷിയും ആർജ്ജിച്ച് ആഗോള തൊഴിൽ കമ്പോളത്തിൽ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യക്തി സവിശേഷതക്കനുസരിച്ച് അനുയോജ്യമായ കരിയർ തിരഞ്ഞെടുക്കുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് കരിയർ പ്ലാനിംഗിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുമോ?

## ദേശീയപാത വികസനം

*97 **ശ്രീമതി കാനത്തിൽ ജമീല**
**ഡോ.കെ.ടി.ജലീൽ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 -2016 കാലഘട്ടത്തിൽ നടപ്പാക്കാതെ മാറ്റിവെച്ചിരുന്ന ദേശീയപാത വികസനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിനായി സംസ്ഥാന സർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭാരത് മാല പരിയോജന രണ്ടാംഘട്ടത്തിൽ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) കുതിരാൻ തുരങ്ക നിർമ്മാണം ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ദേശീയപാത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിന് ലെയ്സണിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

## ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് സംവിധാനം

*98 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ട് സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ ഏതെല്ലാം മേഖലയിലുള്ള റോഡുകളാണ് പുനർനിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സംവിധാനത്തിലൂടെ ടെൻഡർ നടപടി പൂർത്തീകരിക്കുന്ന റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നിശ്ചിത കാലത്തേക്ക് കരാറുകാർ തന്നെ നടപ്പിലാക്കുമോ; വിശദമാക്കുമോ;

(ഡി) ഇത്തരം സംവിധാനത്തിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് പ്രതികൂല കാലാവസ്ഥ മൂലമോ പ്രകൃതി ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ചാൽ

അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്ത കമ്പനിക്ക് ഉത്തരവാദിത്തമുണ്ടോ; വിശദമാക്കുമോ?

**<u>പരിസ്ഥിതി ലോല പ്രദേശങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണം</u>**

*99 **ശ്രീ. എം. എം. മണി**
**ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണം മറയാക്കി എസ്റ്റേറ്റ് ലയങ്ങളുടെ പുനരുദ്ധാരണം തടസ്സപ്പെടുത്തുന്ന മാനേജ്മെന്റ് നടപടികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ലയങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടും കെട്ടിടങ്ങളുടെ നവീകരണം നടത്താൻ മാനേജ്മെന്റ് തയ്യാറാകാത്തത് ഗൗരവമായി കാണുന്നുണ്ടോ;

(സി) എസ്റ്റേറ്റുകളുടെ ഭാഗമായി പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനോ മറ്റ് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ഡിജിറ്റൽ സർവ്വെ നടപടികൾ</u>**

*100 **ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ ഡിജിറ്റൽ സർവ്വെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതോടെ ജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഡിജിറ്റൽ സർവ്വെയിലൂടെ തയ്യാറാക്കുന്ന വിവരങ്ങൾ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്ന് അറിയിക്കാമോ;

(ഡി) ഡിജിറ്റൽ സർവ്വെയുടെ ഭാഗമായി ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ സംബന്ധിച്ച് പ്രത്യേക രേഖപ്പെടുത്തലുകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>വില്ലേജ് ഓഫീസുകളുടെ നവീകരണം</u>**

*101 **ശ്രീ പി എസ് സുപാൽ**

**ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവും സേവനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) വില്ലേജ് ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും വേഗത്തിലും ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

**<u>അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാൻ നടപടികൾ</u>**

*102 **ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ . പി . ഉബൈദുള്ള**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വയ്ക്കാവുന്ന പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചിട്ടുള്ളവരുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അത്തരത്തിൽ പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചിട്ടുള്ളവരുണ്ടെങ്കിൽ അവരിൽ നിന്നും ആയത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) അധിക ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം അടുത്തകാലത്ത് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

**<u>റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള നടപടി</u>**

*103 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണി റണ്ണിങ് കോൺട്രാക്ട് മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഡി.എൽ.പി. ഇല്ലാത്ത റോഡുകൾ റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് മെയിന്റനൻസ് വിംഗ് ടെണ്ടർ ചെയ്തിട്ട് കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യമുണ്ടോ; വിശദമാക്കാമോ;

(സി) മെയിന്റനൻസ് വിഭാഗം ഇത്തരം പ്രവൃത്തികൾക്ക് ചുമതലപ്പെട്ടിട്ടുള്ളതിനാൽ റോഡ്സ് സെക്ഷനുകൾക്ക് അറ്റകുറ്റപ്പണികൾക്കായി പ്രൊപ്പോസൽ സമർപ്പിക്കാൻ

സാധിക്കാത്ത സാഹചര്യം എപ്രകാരം നേരിടാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഡി.എൽ.പി. ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്യുന്നതിന് കൂടുതൽ അംഗബലം ഏർപ്പെടുത്തി മെയിന്റനൻസ് വിംഗിനെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മെയിന്റനൻസ് വിംഗ് പൂർണതോതിൽ പ്രവർത്തനക്ഷമമാകുന്നതുവരെ ഡി.എൽ.പി. ഇല്ലാത്ത റോഡുകളിൽ അറ്റകുറ്റപ്പണികൾക്ക് റോഡ്സ് സെക്ഷനുകൾക്ക് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പൊതുമരാമത്ത് റോഡുകളുടെ അതിർത്തികൾ വേർതിരിച്ച് കല്ലുകൾ സ്ഥാപിക്കാൻ നടപടി</u>**

*104 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ അതിർത്തികൾ വേർതിരിച്ച് കല്ലുകൾ സ്ഥാപിക്കുന്ന ജോലി ഒരു സ്പെഷ്യൽ ഡ്രൈവിലൂടെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സർവ്വെ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് ഈടാക്കി റവന്യൂ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ പ്രസ്തുത ജോലികൾ പൂർത്തിയാക്കുന്നതിന് സർവ്വെ വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് റോഡുകൾ കൈയ്യേറുന്നത് ശാശ്വതമായി തടയുന്നതിന് സർവ്വെ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പരിഷ്കരണം</u>**

*105 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിലവസരങ്ങൾ ലഭ്യമാക്കും വിധത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) യുവാക്കൾക്ക് പ്രാദേശികമായി ഏർപ്പെടാൻ കഴിയുന്ന ഏതൊരു തൊഴിലും ലഭ്യമാക്കുന്നതിനുള്ള പ്രധാന സ്രോതസ്സായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ മാറ്റുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## നഗര റോഡ് വികസന പദ്ധതികൾ

*106 **ശ്രീ കെ ആൻസലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിവരുന്ന വിവിധ നഗര റോഡ് വികസന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(ബി) തലസ്ഥാന നഗരത്തിന്റെയും ജില്ലയുടെയും വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള വിഴിഞ്ഞം-മംഗലപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയെ കുറിച്ച് അറിയിക്കാമോ;

(സി) കരമന-കളിയിക്കാവിള റോഡ് വികസനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ?

## റോഡുകളുടെ നിലവാരം ഉയർത്താൻ നടപടി

*107 **ശ്രീ. എൻ.കെ. അക്ബർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് കൂടുതൽ റോഡുകൾ ബി. എം. ബി. സി. നിലവാരത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കാലവർഷത്തെ അതിജീവിക്കാൻ തക്കവിധത്തിൽ നിർമ്മാണത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ സാങ്കേതിക രീതികൾ പ്രയോഗിക്കുന്നതിനും നിർമ്മാണത്തിലെയും അറ്റകുറ്റപ്പണിയിലെയും അഴിമതി ഉന്മൂലനം ചെയ്യുന്നതിനും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനും ജനകീയ നിരീക്ഷണം ഫലപ്രദമാക്കുന്നതിനും പ്രോജെക്ട് മാനേജ്മെന്റ് സിസ്റ്റം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം

*108 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണം ഈ വർഷം തന്നെ പൂർത്തിയാക്കാൻവേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത തുറമുഖത്തേക്കുള്ള റെയിൽ, റോഡ് കണക്ടിവിറ്റിക്കായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ വൻകിടേതര തുറമുഖങ്ങളെ ഈ ശൃംഖലയിൽ ഉൾപ്പെടുത്തി ഏകോപിപ്പിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ?

**റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**

*109 **ഡോ. എം.കെ . മുനീർ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ നിർമ്മാണവും പരിപാലിക്കുന്നതിലെ വീഴ്ചയും മൂലം സംസ്ഥാനത്തെ മിക്ക റോഡുകളും സഞ്ചാര യോഗ്യമല്ലാതെ ശോച്യാവസ്ഥയിലാണെന്ന ഹൈക്കോടതിയുടെ നിരീക്ഷണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിനും കേബിളുകൾക്ക് വേണ്ടിയും റോഡുകൾ വെട്ടിമുറിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉണ്ടാക്കണമെന്ന ഉത്തരവ് നടപ്പാക്കുന്നതിൽ സ്ഥിരമായ വീഴ്ച വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(സി) റോഡുകളുടെ ശോച്യാവസ്ഥയ്ക്ക് കാരണമാകാതെ അറ്റകുറ്റപണികൾ യഥാസമയം തീർത്ത് പരിപാലനം ഉറപ്പാക്കുന്നതിലെ വീഴ്ച പരിഹരിക്കുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

**ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

*110 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ഭൂമി തരം മാറ്റുന്നതിനായുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നത് സംബംന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ നേരിടുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രതിബന്ധങ്ങൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഭൂമി തരം മാറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് ഇടനിലക്കാരുടെ പ്രവർത്തനം പൂർണ്ണ തോതിൽ അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**വിനോദസഞ്ചാര വ്യവസായത്തിന്റെ പുനരുജ്ജീവനം**

*111 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ സി എച്ച് കുഞ്ഞമ്പു**

**ശ്രീ. ആന്റണി ജോൺ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊവിഡ് കാരണം സ്തംഭനാവസ്ഥയിലായ വിനോദസഞ്ചാര വ്യവസായം പുനരുജ്ജീവിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ബുക്കിംഗ് ഡോട്ട് കോം ട്രാവൽ പ്ലാറ്റ്ഫോം ആഗോളാടിസ്ഥാനത്തിൽ നടത്തിയ സർവ്വേയിൽ ഇൻഡ്യയിലെ ഏറ്റവും നല്ല ആതിഥേയർ എന്ന ഖ്യാതി സംസ്ഥാനത്തിന് നേടാനായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര, വിദേശ ടൂറിസ്റ്റുകളെ കൂടുതലായി സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ഓൺലൈൻ വഴിയും നേരിട്ടുമുള്ള മാർക്കറ്റിംഗ് ആകർഷകമാക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ;

(സി) കാരവൻ ടൂറിസം ഉൾപ്പെടെ എന്തെല്ലാം പുതിയ പദ്ധതികളാണ് വിനോദസഞ്ചാര വ്യവസായത്തിന്റെ വിപുലീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## <u>മിഷൻ പി.ഡബ്ല്യൂ.ഡി.</u>

*112 **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ. എച്ച്. സലാം**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും മിഷൻ പി.ഡബ്ല്യൂ.ഡി. എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നൂറ്റി നാൽപ്പത് നിയോജകമണ്ഡലങ്ങളിലേയും റോഡുകളുടെ നിലവിലെ സ്ഥിതി പരിശോധിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; റോഡുകളിൽ ഡി.എൽ.പി. ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിമർശനങ്ങളെ നേരിട്ടുകൊണ്ട് വികസനം എന്ന ലക്ഷ്യത്തിലൂന്നി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## <u>വിഴിഞ്ഞം തുറമുഖ നിർമ്മാണം</u>

*113 **ശ്രീ. റോജി എം. ജോൺ**

**ശ്രീ എം വിൻസെൻറ്**

**ശ്രീ സി ആർ മഹേഷ്**

**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി ഗ്രൂപ്പുമായുണ്ടാക്കിയ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) 2024-ൽ മാത്രമേ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്ന് അദാനി ഗ്രൂപ്പ് അറിയിച്ചിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരമുള്ള പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ സാഹചര്യത്തിൽ പദ്ധതി ഏത് വർഷം പൂർത്തീകരിക്കുമെന്നാണ് കണക്കാക്കുന്നത്;

(ഡി) പദ്ധതിയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട റെയിൽ പാതയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

## റോഡുകളുടെ അറ്റകുറ്റ പണി

*114 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു
പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയും അറ്റകുറ്റ പണിയിലെ പോരായ്മകളും സംബന്ധിച്ച് വ്യാപകമായ പരാതി ഉയരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എം.എൽ.എ.മാർ അടക്കം പരാതി നൽകിയ സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച ഹൈക്കോടതിയുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച കേസിൽ പ്രത്യേക ഭൂപ്രകൃതിയും മഴയുമാണ് അറ്റകുറ്റപ്പണിക്ക് തടസ്സമാകുന്നതെന്ന് സർക്കാർ ഹൈക്കോടതിയിൽ വാദമായി ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഏതെങ്കിലും പഠനങ്ങളുടെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ജലവിഭവ വകുപ്പ് നടത്തുന്ന പൈപ്പിടൽ പ്രവൃത്തികളാണ് റോഡുകളെ തകരാറിലാക്കുന്നതെന്ന് പി.ഡബ്ല്യു.ഡി. വകുപ്പിന് അഭിപ്രായമുണ്ടോ; വെട്ടിപൊളിച്ച റോഡുകളുടെ അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് റോഡുകളുടെ അറ്റകുറ്റ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ഇടുക്കി ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങൾ

*115 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**

**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രവീന്ദ്രൻ പട്ടയം എന്ന പേരിൽ ഇടുക്കി ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങൾ റദ്ദ് ചെയ്യാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പട്ടയം ലഭിച്ചവർക്ക് അവരുടെ കൈവശഭൂമിക്ക് ഉടമസ്ഥാവകാശം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇടുക്കി ജില്ലയിൽ പട്ടയത്തിനുവേണ്ടി നൽകിയിട്ടുള്ള അപേക്ഷ തീർപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ശേഷിക്കുന്ന അപേക്ഷകൾ എത്രയാണെന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

## <u>തൊഴിൽ സമരങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടി</u>

*116 **ശ്രീമതി കെ.കെ.രമ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി സംഘടനകളുടെ സമരം മൂലം കേരളത്തിൽ നിരവധി സ്ഥാപനങ്ങൾ പൂട്ടുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രമുഖ ചുമട്ടുതൊഴിലാളി സംഘടനയുടെ സമരം മൂലം മാതമംഗലത്തെ എസ്.ആർ. അസോസിയേറ്റ്സ് എന്ന സ്ഥാപനവും മാടായി ശ്രീ പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപനവും കുറച്ചുനാളത്തേക്ക് അടച്ചിടേണ്ട സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) മാതമംഗലത്തും മാടായിലും നടന്ന തൊഴിൽ സമരങ്ങൾ സർക്കാർ മുൻകൈ എടുത്ത് പരിഹരിച്ച ശേഷവും പേരാമ്പ്രയിൽ സി. കെ. മെറ്റീരിയൽസ് എന്ന സ്ഥാപനം തൊഴിലാളി സമരം കാരണം പൂട്ടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ഡി) വർദ്ധിച്ചുവരുന്ന തൊഴിൽ സമരങ്ങൾ കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കും എന്ന് കരുതുന്നുണ്ടോ;

(ഇ) സമാനമായ സമരങ്ങൾ ഉണ്ടാകാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ഇ-ശ്രം പോർട്ടൽ</u>

*117 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത തൊഴിലാളികൾക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്

ലഭ്യമാക്കുന്നതിനുള്ള ഇ-ശ്രം പോർട്ടലിൽ സംസ്ഥാനത്ത് എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ് പ്രസ്തുത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മുഴുവൻ തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ചേർക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## <u>സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി</u>

*118 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എ.എൻ.ഷംസീർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിൽ നിന്ന് നൽകിയിരുന്നതും ജനങ്ങൾക്ക് തുടരെ ആവശ്യമുള്ളതുമായ നിരവധി സർട്ടിഫിക്കറ്റുകൾക്ക് പകരം മറ്റുരേഖകൾ ഉപയോഗിക്കാമെന്ന സർക്കാർ തീരുമാനം വില്ലേജ് ഓഫീസുകളുടെ ജോലി ഭാരം ലഘൂകരിക്കും എന്നതിനാൽ ഭൂമി തരം മാറ്റലിന് ഉൾപ്പെടെയുള്ള കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടിയെടുക്കുമോ;

(ബി) റവന്യൂ ഓഫീസുകളിലെ സേവനങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിന് വില്ലേജുതല ജനകീയ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) റവന്യൂ രേഖകൾ ഡിജിറ്റൈസ് ചെയ്ത് സേവനങ്ങൾക്കനുസൃതമായും കാലവിളംബം ഒഴിവാക്കിയും നൽകാനുള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ഡി) സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## <u>അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി</u>

*119 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ.എം.സച്ചിൻദേവ്**
**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) അതിഥി തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദമാക്കുമോ;

(സി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

*120 **ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഭൗതിക സൗകര്യ വികസനത്തിന് മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയായി ഈ സർക്കാർ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ട സ്കൂളുകൾ കണ്ടെത്തി അവയുടെ ആവശ്യങ്ങൾ നിറവേറ്റാൻ പരിപാടിയുണ്ടോ; ഇതുവരെ എത്ര സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2022 മാർച്ച് 5, ശനി
എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി,

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].